**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6451** **10-11-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂഭൂമി കൈവശം വയ്ക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തം സ്ഥലത്തോട് ചേർന്ന് റവന്യൂഭൂമി കൈവശം വെച്ച് വരുന്നവർക്ക് പ്രസ്തുത ഭൂമി പതിച്ചു നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | പഞ്ചായത്ത് പ്രദേശത്ത് 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 6 (2) പ്രകാരം പരമാവധി 15 സെന്റ് (6.072 ആർസ്) ഭൂമി വരെയും 1995 ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്തെ ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 4 (2) പ്രകാരം മുൻസിപ്പൽ പ്രദേശത്ത് പരമാവധി 5 സെന്റ് വരെയും കോർപ്പറേഷൻ പ്രദേശത്ത് പരമാവധി 3 സെന്റ് വരെയും അയൽഭൂമിയുടെ ഗുണപരമായ വിനിയോഗത്തിന് (Beneficial Enjoyment) കമ്പോള വില ഈടാക്കി പതിച്ചു നൽകുന്നതിന് വ്യവസ്ഥയുള്ളതാണ്. 1964 ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 2 (സി,ഡി) പ്രകാരം " Beneficial Enjoyment means the enjoyment of the land for purposes like providing approach road to the assignee's registered holding and protection of his watercourse, standing crops and buildings. |
| (ബി) | തങ്ങളുടെ കൃഷിസ്ഥലത്തോട് ചേർന്ന് കിടക്കുന്ന കുറഞ്ഞ അളവിലുള്ള റവന്യൂഭൂമി മാർക്കറ്റ് വിലക്ക് കർഷകർക്കു തന്നെ പതിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഗുണപരമായ വിനിയോഗത്തിനല്ലാതെ രജിസ്റ്റേർഡ് ലാൻഡിനടുത്തുള്ള ഭൂമി പതിച്ചു നല്കാൻ വ്യവസ്ഥയില്ല |

സെക്ഷൻ ഓഫീസർ